ണമെന്നപേക്ഷിച്ചുകൊണ്ട് തദ്ദേശ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച ഹർജി കുടുംബശ്രീ ഡയറക്ടർക്ക് അയച്ചതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വിശദീകരിക്കുമോ;

(ബി) ഹർജിക്കാരിയെ ആശ്രയ പദ്ധതിയിൽപ്പെടുത്തി ആനുകൂല്യങ്ങൾ നൽകാൻ തുടങ്ങിയോ; എങ്കിൽ എന്നുമുതൽ എന്ന് പറയുമോ?

ഉത്തരം

(എ) പ്രസ്തുത ഹർജി കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷൻ കോർഡിനേറ്റർക്ക് അന്വേഷണം നടത്തി ആവശ്യമായ മേൽ നടപടികൾ സ്വീകരിക്കാനായി നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

അനിൽകുമാറിന് ആശ്രയ പദ്ധതി ആനുകൂല്യം നൽകാൻ നടപടി

45 [1731] *ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വെങ്ങാനൂർ പഞ്ചായത്തിൽ കട്ടച്ചൽക്കുഴിയിൽ 11-ാം വാർഡിൽ തിരണിവിള വീട്ടിൽ അനിൽകുമാർ തളർവാതം പിടിച്ച് 20 വർഷംകൊണ്ട് കിടപ്പിലാണോ; ഇദ്ദേഹത്തിന് മക്കളോ ഭാര്യയോ മാതാപിതാക്കളോ ഉണ്ടോ;

(ബി) 2005 മേയ് മാസത്തിൽ ഇദ്ദേഹം മുഖ്യമന്ത്രിക്ക് നൽകിയ സഹായ അഭ്യർത്ഥന പരിഗണിച്ച് 3000 രൂപ ബഹു. മുഖ്യമന്ത്രി അനുവദിച്ചുവോ;

(സി) ആശ്രയ പദ്ധതിയനുസരിച്ച് ഇദ്ദേഹത്തിന് സഹായം നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നൽകിയ അപേക്ഷ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന് അയച്ചുവോ;

(ഡി) വെങ്ങാനൂർ ഗ്രാമപഞ്ചായത്ത് ഈ പദ്ധതിപ്രകാരം എത്ര ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി;

(ഇ) ശ്രീ. അനിൽകുമാറിന് ആനുകൂല്യം നൽകിയോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(എഫ്) 11-ാം വാർഡിൽ ഇതിന്റെ ആനുകൂല്യം ലഭിച്ചവരിൽ അർഹതയില്ലാത്തവർ എത്രയുണ്ട്; അർഹതയില്ലാത്തവർക്ക് ആനുകൂല്യം നൽകിയതിനെപ്പറ്റി

LIBRARY ARCHIVES Kerala Legislative Assembly

അന്വേഷിച്ച് നടപടിയെടുക്കുമോ; അനിലിന് ആനുകൂല്യം നൽകുകയും ചെയ്യുമോ?

ഉത്തരം

(എ) അതെ, ശ്രീ. അനിൽകുമാറിന് മക്കളോ, ഭാര്യയോ, മാതാപിതാക്കളോ ഇല്ല.

(ബി) അനുവദിച്ചിട്ടുണ്ട്.

(സി) അപേക്ഷ വെങ്ങാനൂർ പഞ്ചായത്തിന് നൽകിയിട്ടുണ്ട്.

(ഡി) 95 കുടുംബങ്ങൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.

(ഇ) ശ്രീ. അനിൽകുമാറിനെ ആശ്രയ അഗതി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്താത്തതിനെതിരെ ടിയാൻ സമർപ്പിച്ച ഹർജി പരിശോധിച്ച്, അർഹനായതിനാൽ 2005-2006 വർഷം മുതൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(എഫ്) 11-ാം വാർഡിൽ അനർഹരായവർ, അർഹതാ ലിസ്റ്റിൽപ്പെട്ടതായി ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രീ. അനിൽകുമാറിന് ആനുകൂല്യം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു.

പാലക്കാട് വികസന അതോറിറ്റിയിൽ ജോലി ചെയ്തിരുന്ന അബ്ദുൾ റഹിമാന് പുനർനിയമനം നൽകാൻ നടപടി

46 [1732] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാതന്ത്ര്യ സുവർണ്ണ ജൂബിലി വർഷത്തിൽ സർക്കാർ സർവ്വീസിൽ താൽക്കാലിക ജീവനക്കാരായിരുന്ന വികലാംഗരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എത്ര താൽക്കാലിക ജീവനക്കാരെയാണ് സ്ഥിരപ്പെടുത്തിയിട്ടുള്ളത്;

(ബി) പാലക്കാട് വികസന അതോറിറ്റിയിൽ എൽ. ഡി. ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്തിരുന്ന അബ്ദുൾ റഹിമാൻ, 9/336, പറക്കുന്നം, പാലക്കാട് എന്നയാൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പിൽ പുനർനിയമനം നൽകാതിരിക്കാൻ എന്താണ് കാരണമെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly